**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4820 — 01.07.2013 ൽ മറുപടിയ്ക്ക്

**ഹൗസ് ബോട്ടുകൾ മൂലമുണ്ടാകുന്ന ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങൾ**

**ചോദ്യം**

ശ്രീ.പി.തിലോത്തമൻ

ഹൗസ് ബോട്ടുകൾ പുറത്തു വിടുന്ന മാലിന്യങ്ങൾ പൊതുജനങ്ങൾക്കുണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും പഠനവിധേയമാക്കിയിട്ടുണ്ടോ; ഹൗസ് ബോട്ടുകളിലെ ടോയ്‌ലറ്റ് സംവിധാനം എപ്രകാരമുള്ളതായിരിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഒട്ടേറെ പാരിസ്ഥിതിക പ്രശ്നങ്ങളും പൊതുജനാരോഗ്യ പ്രശ്നങ്ങളും ഉണ്ടാക്കുന്ന ഹൗസ് ബോട്ടുകളിലെയും യാത്രാ ബോട്ടുകളിലെയും ടോയ്‌ലറ്റുകൾ കെമിക്കൽ ടോയ്‌ലറ്റുകളാക്കി പരിസ്ഥിതിയെ സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**മറുപടി**

ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

ഹൗസ് ബോട്ടുകളിൽ നിന്നുള്ള സീവേജും ഗാർബേജും എഞ്ചിനിൽ നിന്നുള്ള എണ്ണയും ജലസ്രോതസ്സുകളിൽ മലിനീകരണം ഉണ്ടാക്കുന്നതിന് കാരണമാകുന്നുണ്ട്.

ഹൗസ് ബോട്ടുകളിൽ സീവേജ് സംഭരണ സംവിധാനവും, ശേഖരിക്കുന്ന സീവേജ് കരയിലെത്തിച്ച് ശാസ്ത്രീയമായി ശുദ്ധീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തുന്നുണ്ട്.

ഹൗസ് ബോട്ടുകളിലെ ടോയ്‌ലറ്റ് സംവിധാനം എപ്രകാരമുള്ളതാകണം എന്ന പ്രത്യേക നിർദ്ദേശങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയിട്ടില്ല. ജലാശയങ്ങളിൽ സീവേജ് മാലിന്യം ഒഴുക്കാതെ നിയന്ത്രിക്കുന്നതിന് മാത്രമാണ് നിബന്ധന ഏർപ്പെടുത്തിയിരിക്കുന്നത്. കെമിക്കൽ ടോയ്‌ലറ്റുകളുടെ ശാസ്ത്രീയ അടിസ്ഥാനം വിലയിരുത്തി പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ